# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

## ബാറുകൾ തുറക്കുന്നതിനുള്ള അനുമതി

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1081** **14.01.2021-ൽ മറുപടിയ്ക്ക്**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
| **എ)** | കോവിഡ് വ്യാപനം മൂലം പൂട്ടിയിട്ടിരുന്ന ബാറുകളും ബിയർ വൈൻ പാർലറുകളും തുറക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | **എ)** ജി.ഒ (എം എസ്)നം.43/2020/നി.വ തീയതി 22.05.20 നമ്പർ ഉത്തരവ് പ്രകാരം സ.ഉ(കൈ) നം.41/2020/നി.വ തീയതി 18.05.20 നമ്പർ സർക്കാർ ഉത്തരവിലെ പരാമർശങ്ങൾക്ക് വിധേയമായി ബാർ (FL3) ബിയർ വൈൻ പാർലർ (FL11) എന്നിവിടങ്ങളിൽ നിന്നും പ്രത്യേക കൗണ്ടർ വഴി മദ്യം പാഴ്സലായി വിൽപന നടത്തുന്നതിന് അനുമതി നൽകിയിരുന്നു.തുടർന്ന് 21.12.20 തീയതിയിലെ G.O(Rt) No.95/2020/TD ഉത്തരവിൻ പ്രകാരം ബാർ ഹോട്ടലുകളും ബിയർ പാർലറുകളും കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് സാധാരണ നിലയിൽ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. |
| **ബി)** | സംസ്ഥാനത്ത് കോവിഡ് വ്യാപനം പത്ത് ശതമാനത്തിൽ അധികമായി തുടരുന്ന സാഹചര്യത്തിൽ ഇത്തരത്തിൽ ബാറുകളും ബിയർ പാർലറുകളും തുറക്കുന്നത് കോവിഡ് വ്യാപനം രൂക്ഷമാകുന്നതിന് ഇടയാക്കില്ലേയെന്ന് വ്യക്തമാക്കാമോ; | **ബി)** കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 29.08.20 തീയതിയിലെ 40-3/2020-DM-1(A) നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം ബാർ ഹോട്ടലുകൾ തുറന്ന് പ്രവർത്തിക്കാൻ സാധിക്കുമായിരുന്നു .എന്നാൽ സംസ്ഥാനത്ത് 21.12.20 തീയതിയിലെ G.O(Rt) No.95/2020/TD ഉത്തരവിൻ പ്രകാരം മാത്രമാണ് ബാർ ഹോട്ടലുകളും ബിയർ പാർലറുകളും സാധാരണ നിലയിൽ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയത് . എന്നാൽ ഇതിനു മുന്നേ തന്നെ ഭക്ഷണശാലകൾ അടക്കമുള്ള |

വ്യാപാരസ്ഥാപനങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് തുറന്ന് പ്രവർത്തിക്കാനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. മേൽ വ്യാപാര സ്ഥാപനങ്ങൾക്കും ഭക്ഷണശാലകൾക്കും സമാനമായി കർശനമായ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് മാത്രം പ്രവർത്തിക്കാനാണ് ബാർ ഹോട്ടലുകൾക്കും ബിയർ പാർലറുകൾക്കും അനുമതി നൽകിയിട്ടുള്ളത്.

**സി)** സംസ്ഥാനത്ത് നിലവിൽ എഫ്.എൽ3 ലൈസൻസ് ഉള്ള എത്ര ബാറുകളും ബിയർ വൈൻ പാർലറുകളുമാണ് നിലവിലുള്ളത്;

**സി)** സംസ്ഥാനത്ത് 619 FL3 ലൈസൻസുള്ള ബാറുകളും 318 FL 11 ബിയർ വൈൻ പാർലറുകളുമാണ് നിലവിലുള്ളത്.

**ഡി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടന്ന എഫ്.എൽ3 ലൈസൻസുള്ള എത്ര ബാറുകൾ വീണ്ടും തുറക്കുന്നതിന് അനുമതി നൽകി;

**ഡി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൂട്ടിക്കിടന്ന FL3 ലൈസൻസുള്ള 407 ബാറുകൾ വീണ്ടും തുറക്കുന്നതിന് അനുമതി നൽകി.

പുതുതായി എത്ര ബാറുകൾക്ക് എഫ്.എൽ3 ലൈസൻസ് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ വന്ന ശേഷം 188 പുതിയ ഹോട്ടലുകൾക്ക് ബാർ ( FL3) ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്.

മുൻ സർക്കാരിന്റെ കാലത്ത് 2014-15 വർഷം സംസ്ഥാനത്ത് 748 ബാർ ഹോട്ടലുകൾ പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലയളവിൽ നിലവിൽ വന്ന അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ 29 ബാർ ലൈസൻസ് ഒഴികെയുള്ളവ റദ്ദ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ലൈസൻസ് റദ്ദ് ചെയ്തതായി പറയുന്ന ഹോട്ടലുകൾക്ക് ബിയർ & വൈൻ പാർലർ ലൈസൻസ് അനുവദിച്ച് നൽകുകയാണ് ഉണ്ടായത്. ഇത്തരത്തിൽ യു.ഡി.എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്ത് 29 ബാർ ഹോട്ടലുകളും 813 ബിയർ/വൈൻ പാർലറുകളും പ്രവർത്തിച്ചിരുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ ബിയർ/വൈൻ പാർലറായി മാറ്റിയ ബാർ ഹോട്ടലുകളിൽ 407 ഹോട്ടലുകൾക്ക് പുതുക്കിയ അബ്കാരി

പോളിസിയിലേയും വിദേശമദ്യ ചട്ടത്തിലേയും വ്യവസ്ഥകൾക്ക് വിധേയമായി മുൻപുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നല്കിയിട്ടുള്ളതാണ്. ഇവയിൽ നിലവിൽ പ്രവർത്തിക്കാത്ത അഞ്ച് ലൈസൻസുകൾ ഉണ്ട്. ഇവയൊഴികെ സംസ്ഥാനത്ത് നിലവിൽ ആകെ 619 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ